**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3243** **25-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ കലാ - സാംസ്കാരിക പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ കല-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തടസ്സങ്ങൾ ഉണ്ടാകുന്ന തരത്തിൽ മുൻ സർക്കാരുകളുടെ കാലത്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ കലാ സാംസ്കാരിക പ്രവർത്തനങ്ങക്ക് തടസങ്ങൾ ഉണ്ടാകുന്ന തരത്തിൽ മുൻ സർക്കാരുകളുടെ കാലത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | എങ്കിൽ ഏത് സർക്കാരിന്റെ കാലത്ത് എപ്പോഴാണ് ഉത്തരവ് പുറത്തിറക്കിയത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ബാധകമല്ല |
| (സി) | ഈ ഉത്തരവ് പിന്നീട് മരവിപ്പിച്ചിരുന്നോ; എങ്കിൽ ഉത്തരവിറങ്ങി എത്ര ദിവസത്തിനകമാണ് ഉത്തരവ് മരവിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | ബാധകമല്ല |
| (ഡി) | പ്രസ്തുത ഉത്തരവിലെ കാര്യങ്ങൾ പുതിയ രീതിയിലൂടെ ജീവനക്കാർക്കുമേൽ സമ്മർദ്ദം ചെലുത്താൻ ഈ സർക്കാരിന്റെ ഭാഗത്ത് നിന്ന് ശ്രമമുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് അത്തരത്തിൽ ഏതെങ്കിലും സർക്കുലർ ഉണ്ടായിട്ടുണ്ടോയെന്നും എപ്പോഴാണ് സർക്കുലർ പുറത്തിറക്കിയതെന്നും പ്രസ്തുത സർക്കുലർ ഇപ്പോൾ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ; സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | കലാ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാർക്ക് മേൽ സമ്മർദം ചെലുത്താൻ ഈ സർക്കാരിന്റെ ഭാഗത്തു നിന്ന് യാതൊരു ശ്രമവും ഉണ്ടായിട്ടില്ല. കലാ - സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ ഏർപ്പെടുന്നതി നായി അനുമതി ആവശ്യപ്പെട്ടുകൊണ്ട് പൊതു വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതിലേക്കുള്ള നിർദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് 09.09.2021 ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ഈ സർക്കുലർ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നിയന്ത്രണം ഏർപ്പെടുത്തി എന്ന രീതിയിൽ ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ ഇപ്പോൾ നിലവിലില്ല. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | സർക്കാർ ജീവനക്കാരുടെ കല-സാംസ്കാരിക | (ഇ) | സർക്കാർ ജീവനക്കാരുടെ കലാസാംസ്കാരിക |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾക്ക് കൃത്യമായ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | | പ്രവർത്തനങ്ങൾക്ക് "1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം" ബാധകമാണ്. മേൽ പറഞ്ഞ പെരുമാറ്റച്ചട്ട ത്തിലെ ചട്ടങ്ങൾക്ക് വിധേയമായി സർക്കാർ ജീവനക്കാർക്ക് കലാ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ - മാതൃഭാഷ'

നം: ഒ&എം(2)/2362/2021/ഡി ജി ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 03/09/2021

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-കലാ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള അനുമതി -അപേക്ഷകൾ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ- സംബന്ധിച്ച്

സൂചന :- ------

*******

സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിധേയമായി കലാ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള അനുമതിക്കായി ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. എന്നാൽ അപേക്ഷകൾ യഥാവിധി പരിശോധിക്കാതെ വിവിധ ഓഫീസുകളിൽ നിന്നും സമർപ്പിക്കുന്നതിനാൽ പല അപേക്ഷകളും മടക്കി നൽകേണ്ട സാഹചര്യം ഉണ്ടാവുകയും സർക്കാരിലേക്ക് സമർപ്പിക്കുന്നതിനു കാലതാമസം ഉണ്ടാവുകയും ചെയ്യുന്നുണ്ട്. ടി സാഹചര്യത്തിൽ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിധേയമായി കലാ -സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷകൾ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൾ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് അഡ്രസ് ചെയ്യേണ്ടതാണ്.
2. അപേക്ഷയോടൊപ്പം പ്രത്യേകം സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷകൾ വിദ്യാഭ്യാസ ഉപ ഡയറക്ടർ മുഖാന്തിരം മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.
4. അപേക്ഷ വിശദമായി പരിശോധിച്ച് വിദ്യാഭ്യാസ ഉപ ഡയറക്ടർ വ്യക്തമായ ശുപാർശ ചെയ്യേണ്ടതാണ്.
5. കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ പ്രവർത്തനമേഖല വ്യക്തമാക്കേണ്ടതാണ്.
6. സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ആയതിന്റെ പകർപ്പ് സമർപ്പിക്കേണ്ടതും സാഹിത്യ സൃഷ്ടി പ്രസിദ്ധീകരണ യോഗ്യമാണോ എന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.
7. അനുമതി ലഭിച്ച ശേഷം മാത്രമേ സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിക്കുവാൻ പാടുള്ളൂ.

Signature valid
Digitally signed by Bijumon Joseph
Date: 2021.09.03 12:00:36 IST
Reason: Approved

ബിജുമോൻ ജോസഫ്
പെൻ : 101243

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:

[illegible]

[illegible]

പകർപ്പ്

1. സെക്രട്ടറി പരീക്ഷ ഭവൻ തിരുവനന്തപുരം
2. ടെക്സ്റ്റ് ബുക്ക് ഓഫീസർ തിരുവനന്തപുരം
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. കരുതൽ ഫയൽ